"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - മിഠായി പദ്ധതി - 2026-2027 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും മിഠായി പദ്ധതിയിലെ ജീവനക്കാർക്ക് 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ വേതനം അനുവദിക്കുന്നതിനായി ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.123/2026/SJD തീയതി,തിരുവനന്തപുരം, 27-06-2026

---

പരാമർശം:- കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.05.2026 ലെ കെ.എസ്.എസ്.എം/666/2024-എ3-Part(8) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന മിഠായി പദ്ധതിയുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുളള 4,50,00,000/- രൂപയിൽ (നാല് കോടി അമ്പത് ലക്ഷം രൂപ) നിന്നും ടി പദ്ധതിയിലെ ജീവനക്കാർക്ക് 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ വേതനം അനുവദിക്കുന്നതിനായി 2,06,050/- രൂപ (രണ്ട് ലക്ഷത്തി ആറായിരത്തി അമ്പത് രൂപ) അനുവദിക്കണമെന്ന് പരാമർശം പ്രകാരം സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 സാമ്പത്തിക വർഷം 2235-60-200-72(21)(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുളള 4,50,00,000/- രൂപയിൽ (നാല് കോടി അമ്പത് ലക്ഷം രൂപ) നിന്നും മിഠായി പദ്ധതിയിലെ ജീവനക്കാർക്ക് 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ വേതനം അനുവദിക്കുന്നതിനായി 2,06,050/- രൂപ (രണ്ട് ലക്ഷത്തി ആറായിരത്തി അമ്പത് രൂപ) ആദ്യ ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUSAN LOPEZ
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
2. എക്സിക്യൂട്ടിവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (12.06.2026 ലെ WW-WW2/100/2026-Fln നമ്പർ പ്രകാരം).
5. വിവര പൊതുജന സമ്പർക്ക വകുപ്പ്.

6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by Shabeen S
Date: 28-06-2026 19:55:13
സെക്ഷൻ ഓഫീസർ

പകർപ്പ്:

1. ബഹു.മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
3. സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.